# പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 426

## 13-01-2021 ൽ മറുപടിക്ക്

## കിഫ്ബി ഇൻസ്പെക്ഷൻ വിംഗ് കണ്ടെത്തിയ ക്രമക്കേടുകൾ

| ചോദ്യം<br>ശ്രീമതി. ഷാനിമോൾ ഉസ്മാൻ | മറുപടി<br>ഡോ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബി ഇൻസ്പെക്ഷൻ വിംഗിന്റെ പരിശോധനയിൽ കിഫ്ബിയുടെ ഏതെല്ലാം പ്രോജക്ടുകളിൽ എന്തെല്ലാം ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് അസംബ്ലി മണ്ഡലം തിരിച്ച് വിശദമാക്കുമോ; | കിഫ്ബിയുടെ ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ സൈറ്റ് ഇൻസ്പെക്ഷനുകൾ നടത്തുകയും SPV യും കരാറുകാരനും ചെയ്യേണ്ട പ്രവർത്തികളിൽ വീഴ്ച വരുത്തുമ്പോൾ പരിഹരിക്കുന്നതിനായി ഫീൽഡ് ഒബ്സർവേഷൻ ഷീറ്റ്, ഒബ്സർവേഷൻ മെമ്മോ എന്നിവയും SPVയ്ക്ക് നൽകാറുണ്ട്. സാധാരണയായി ഗുണനിലവാരമില്ലായ്മ , സമയക്രമമില്ലായ്മ എന്നിവയാണ് സ്ഥിരമായി കണ്ടു വരുന്ന ക്രമക്കേടുകൾ. SPV ക്രമക്കേടുകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കുന്ന മുറയ്ക്ക് ഒബ്സർവേഷൻ മെമ്മോ പിൻവലിക്കുന്നതാണ്. നിരന്തരമായി ഒബ്സർവേഷൻ മെമ്മോ കൊടുത്തിട്ടും ഉചിതമായ നടപടി സ്വീകരിച്ചിട്ടില്ലാത്ത പദ്ധതികൾ താത്കാലികമായി നിർത്തിവെക്കുന്നതിന് കിഫ്ബി നിർദ്ദേശം നൽകുന്നുണ്ട്. കിഫ്ബിയുടെ ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗം പരിശോധന നടത്തി എല്ലാവിധ ന്യൂനതകളും പരിഹരിച്ചു എന്ന് ഉറപ്പ് വരുത്തിയ ശേഷം നിർത്തിവെച്ചിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നുണ്ട്. ക്രമക്കേടുകൾ കണ്ടെത്തി താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ടായിരുന്ന പ്രോജക്ടുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |

| | |
|---|---|
| (ബി) ക്രമക്കേട് മൂലം എത്ര തുകയുടെ നഷ്ടമാണ് ഓരോ പ്രോജക്ടിലും ഉണ്ടായതെന്ന് വ്യക്തമാക്കുമോ; | കിഫബിയ്ക്ക് ഒരു പ്രോജക്ടിലും നഷ്ടം ഒന്നുംതന്നെ ഉണ്ടായിട്ടില്ല. ഗുണനിലവാരമില്ലാത്ത പ്രവർത്തികൾക്ക് ഒന്നും തന്നെ കിഫ്ബിയിൽ നിന്ന് കരാറുകാരന് തുക അനുവദിച്ച് നൽകിയിട്ടില്ല. കരാറുകാരന്റെ ഭാഗത്തു നിന്നുമുള്ള വീഴ്ചകൾക്ക് കരാറുകാരന്റെ പക്കൽ നിന്നും, എസ് പി വിയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടുള്ള വീഴ്ചകൾക്ക് എസ് പി വി യിൽ നിന്നും കിഫ്ബി പിഴ ഈടാക്കുന്നതാണ്. |
| (സി) ക്രമക്കേട് ഉണ്ടായ പ്രോജക്ടുകളിലെ എസ്.പി.വി.കൾ ഏതെല്ലാം; പ്രസ്തുത എസ്.പി.വി.കൾക്കെതിരെ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കുമോ? | ക്രമക്കേട് മൂലം താത്കാലികമായി നിർത്തിവെക്കപ്പെട്ട പദ്ധതികളിലെ എസ്.പി.വി. കൾ കേരള റോഡ് ഫണ്ട് ബോർഡ്, കേരള ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ, കിറ്റ്കോ, ഇൻകെൽ, കേരള വാട്ടർ അതോറിറ്റി എന്നിവയാണ്. എസ് പി വി യുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടുള്ള വീഴ്ചകൾക്ക്എസ് പി വി യിൽ നിന്നും കിഫ്ബി പിഴ ഈടാക്കുന്നതാണ്. |

ജോയിന്റ് സെക്രട്ടറി

അനുബന്ധം

| നമ്പർ | പ്രോജക്റ്റിന്റെ പേര് | അസംബ്ലി മണ്ഡലം |
|---|---|---|
| 1 | അടൂർ ടൌൺ ബ്രിഡ്ജ് | അടൂർ |
| 2 | ഗവൺമെന്റ് ബോയ്സ് എച്ച് എസ് എസ് അടൂർ | അടൂർ |
| 3 | കൈതവന-പഴയനാടകാവ്-അമ്പലപ്പുഴ-വടക്കേനട റോഡ് | ആലപ്പുഴ |
| 4 | ഗവൺമെന്റ് ഗേൾസ് എച്ച് എസ് എസ് ആറ്റിങ്ങൽ | ആറ്റിങ്ങൽ |
| 5 | പാങ്ങോട്-കടക്കൽ -ചിങ്ങേലി-ചടയമംഗലം റോഡ് | ചടയമംഗലം |
| 6 | ആയൂർ-ഇത്തിക്കര റോഡ് | ചാത്തനൂർ, ചടയമംഗലം |
| 7 | കൽപ്പറ്റ വരാമ്പറ്റ റോഡ് | കൽപ്പറ്റ |
| 8 | നീലേശ്വരം എടത്തോട് റോഡ് | കാഞ്ഞങ്ങാട് |
| 9 | ചെറുവത്തൂർ- ചീമേനി- ഐടി പാർക്ക്-പലവയൽ - ഭീമനടി - മുക്കട റോഡ് | കാഞ്ഞങ്ങാട്, തൃക്കരിപ്പൂർ |
| 10 | കല്ലട്ക്ക-ചെർക്കള റോഡ് | കാസർഗോഡ് |
| 11 | ഗവൺമെന്റ് ബോയ്സ് എച്ച് എച്ച് എസ് കായംകുളം | കായംകുളം |
| 12 | കൊച്ചിൻ കാൻസർ സെന്റർ എറണാകുളം | കൊച്ചി |
| 13 | എം ഇ സ് കോളേജ് പയ്യനാടം റോഡ് | മണ്ണാർക്കാട് |
| 14 | അമരവിള-ഒറ്റശേഖരമംഗലം റോഡ് | നെയ്യാറ്റിൻകര, പാറശ്ശാല |
| 15 | ഗവൺമെന്റ് മനവേദൻ വി.എച്ച്.എസ്.എസ് നിലമ്പൂർ | നിലമ്പൂർ |
| 16 | പേരാമ്പ്ര-ചെറുവണ്ണൂർ -വടകര റോഡ് | പേരാമ്പ്ര |
| 17 | ഗവൺമെന്റ് എച്ച്എസ്എസ് ചെമ്പുചിറ | പുതുക്കാട് |
| 18 | കണ്ണശ്ശ സ്മാരക എച്ച് എസ് എസ് കടപ്ര | തിരുവല്ല |
| 19 | കല്ലറ പാങ്ങോട് പനവൂർ പുല്ലൻപാറ വെമ്പായം പഞ്ചായത്ത് സെൻട്രൽ വാട്ടർ സപ്ലൈ സ്കീം | വാമനപുരം |
| 20 | കള്ളിക്കാട്-പാറശാല ഹിൽ ഹൈവേ | വാമനപുരം, അരുവിക്കര, പാറശ്ശാല |
| 21 | തോമസ് സെബാസ്റ്റ്യൻ സ്റ്റേഡിയം എടവ | വർക്കല |

ജോയിന്റ് സെക്രട്ടറി